"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഇൻഫർമേഷൻ കേരള മിഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ശ്രീമതി.രജിത ജി.എസ്. (സീനിയർ ഡെവലപ്പർ), ശ്രീ.വിഷ്ണു എ.ആർ. (ഡെവലപ്പർ) എന്നീ ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

G.O.(Rt) No.1331/2020/LSGD തീയതി,തിരുവനന്തപുരം, 03/07/2020

പരാമർശം:- 1 26.02.2016-ലെ സ.ഉ.(പി) നം.28/2016/ധന

2 28.04.2017-ലെ സ.ഉ.(പി) നം.56/2017/ധന

3 21.07.2018-ലെ സ.ഉ.(പി) നം.112/2018/ധന

4 09.07.2019-ലെ സ.ഉ (പി) നം. 81/2019/ധന

5 ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.05.2020-ലെ 3514/ഇ3/2019/ ഐ.കെ.എം. നമ്പർ കത്ത്

ഉത്തരവ്

ഇൻഫർമേഷൻ കേരള മിഷന്റെ സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ, വെബ് സൈറ്റുകൾ എന്നിവ ഓപ്പൺ സോഴ്സ് ടെക്നോളജിയിലേക്ക് പരിഷ്കരിക്കുന്നതിനു വേണ്ടി 12-ാം മത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം രണ്ടു വർഷക്കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ശ്രീമതി.രജിത ജി.എസ്. (സീനിയർ ഡെവലപ്പർ), ശ്രീ.വിഷ്ണു എ.ആർ. (ഡെവലപ്പർ) എന്നിവരുടെ കരാർ കാലാവധി യഥാക്രമം 21.01.2020-നും 13.02.2020-നും അവസാനിച്ചതായി പരാമർശം (5) പ്രകാരം ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പ്രസ്തുത ജീവനക്കാരുടെ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് Appraisal Committee രൂപീകരിക്കുകയും ഈ കമ്മിറ്റി, ഇവരുടെ കരാർ കാലാവധി ഒരു ദിവസത്തെ നിർബന്ധിത ബ്രേക്ക് നല്കിയ ശേഷം ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇൻഫർമേഷൻ കേരള മിഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ശ്രീമതി.രജിത ജി.എസ്. (സീനിയർ ഡെവലപ്പർ), ശ്രീ.വിഷ്ണു

എ.ആർ.(ഡെവലപ്പർ) എന്നീ ജീവനക്കാരുടെ കരാർ കാലാവധി ഒരു ദിവസത്തെ നിർബന്ധിത ബ്രേക്ക് നൽകി, കരാർ നിയമനം സംബന്ധിച്ച് പരാമർശം (1) മുതൽ (4) വരെയുള്ള ഉത്തരവുകൾ പ്രകാരം നിലവിലുള്ള വ്യവസ്ഥകൾക്കും ഇൻഫർമേഷൻ കേരള മിഷനിലെ ഫണ്ട് ലഭ്യതയ്ക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ജി.&എസ്.എസ്.എ./ഇ.&ആർ.എസ്എ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് (വെബ് &ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Anjulal
സെക്ഷൻ ഓഫീസർ.